**No. CEE/4616/B.Pharm(LE)/2017/TA4**

**കേരള സർക്കാർ**

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ - 2017

**2017 ഒക്ടോബർ 22 -ാം തീയതി ഞായറാഴ്ച** തിരുവനന്തപുരത്തു വച്ചു നടത്തുന്ന 2017–18 ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ചവരുടെ അഡ്മിറ്റ് കാർഡുകൾ **17.10.2017** മുതൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

വെബ്സൈറ്റിലെ **'B.Pharm (LE) 2017 - Candidate Portal'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭ്യമാകുന്ന പേജിൽ **ആപ്ലിക്കേഷൻ നമ്പറും, പാസ്‌വേഡും** കൃത്യമായി നൽകിയതിനുശേഷം **'Admit Card'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് അഡ്മിറ്റ് കാർഡിന്റെ പ്രിന്റൗട്ട് എടുക്കാവുന്നതാണ്. ഈ അഡ്മിറ്റ് കാർഡുമായാണ് അപേക്ഷകൻ പരീക്ഷാ ഹാളിൽ ഹാജരാകേണ്ടത്. തപാൽ വഴി അഡ്മിറ്റ് കാർഡ് വിതരണം ചെയ്യുന്നതല്ല.

ഓൺലൈൻ അപേക്ഷയിലെ അപാകത മൂലം ചില അപേക്ഷകരുടെ അഡ്മിറ്റ് കാർഡുകൾ തടഞ്ഞുവച്ചിട്ടുണ്ട്. അവർക്ക് 'Memo' ലിങ്ക് ക്ലിക്ക് ചെയ്യുമ്പോൾ തങ്ങളുടെ അപേക്ഷയിലെ ന്യൂനതകളുടെ വിശദവിവരങ്ങൾ കാണാവുന്നതാണ്. അത്തരം അപേക്ഷകർ ബന്ധപ്പെട്ട രേഖകൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ **20.10.2017 വൈകുന്നേരം 5 മണിക്കു** മുൻപായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. തപാൽ/ ഇ–മെയിൽ/ഫാക്സ് മുഖേന സമർപ്പിക്കുന്ന രേഖകൾ യാതൊരു കാരണവശാലും ന്യൂനതകൾ പരിഹരിക്കുന്നതിനായി സ്വീകരിക്കുന്നതല്ല.

ആപ്ലിക്കേഷൻ നമ്പർ മറന്നുപോയ അപേക്ഷകർ **"Find Application Number"** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് പേര് നൽകിയാൽ പേര്, അഡ്രസ്സ്, ആപ്ലിക്കേഷൻ നമ്പർ എന്നിവ കാണാവുന്നതാണ്.

Santhosh Kumar (signature)

**പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി**

തിരുവനന്തപുരം

16.10.2017